# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

**പതിമൂന്നാം കേരള നിയമസഭ**
പതിനൊന്നാം സമ്മേളനം
2014 ജൂൺ 10, ചൊവ്വ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ 306)

| മറുപടി നൽകുന്ന മന്ത്രിമാർ | | ചോദ്യനമ്പർ |
|---|---|---|
| ഊർജ്ജ വകുപ്പുമന്ത്രി | : | 336 മുതൽ 432 വരെ |
| സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി | : | 433 മുതൽ 472 വരെ |
| ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി | : | 473 മുതൽ 562 വരെ |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | : | 563 മുതൽ 612 വരെ |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | : | 613 മുതൽ 641 വരെ |

## ഉർജ്ജ സംരക്ഷണ നടപടികൾ

336 ശ്രീ. റ്റി.എൻ. പ്രതാപൻ
,, കെ. മുരളീധരൻ
,, അൻവർ സാദത്ത്
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഊർജ്ജ സംരക്ഷണ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) പ്രസ്തുത നിയമം നടപ്പിലാക്കുന്നത് ഏത് ഏജൻസി വഴിയാണ്; വിശദാംശം ലഭ്യമാക്കുമോ;

(സി) എന്തെല്ലാം പ്രവർത്തനങ്ങളാണ് ഊർജ്ജ സംരക്ഷണത്തിനായി സംസ്ഥാനത്ത് നടത്തിവരുന്നത്; വിശദമാക്കുമോ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് ഊർജ്ജ സംരക്ഷണത്തിന് കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ എന്തെല്ലാം അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

ഊർജ്ജ സംരക്ഷണ പ്രചാരണ പദ്ധതികൾ

337 ശ്രീ. വർക്കല കഹാർ
ശ്രീ. സണ്ണി ജോസഫ്
ശ്രീ. എം. എ. വാഹീദ്
ശ്രീ. ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ഇ.ബി ഊർജ്ജസംരക്ഷണ പ്രചാരണത്തിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ;

(ബി) പ്രചാരണത്തിനായി എന്തെല്ലാം പദ്ധതികൾക്കാണ് തുടക്കമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം:

(സി) ഊർജ്ജസംരക്ഷണത്തിന് എല്ലാ ഉപഭോക്താക്കളെയും ബോധവൽക്കരിക്കാനും പ്രോത്സാഹിപ്പിക്കാനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പുകൾക്കായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

<u>ഊര്‍ജ്ജ പ്രതിസന്ധി പരിഹരിക്കാന്‍ നടപടി</u>

338 ശ്രീ. തോമസ് ഉണ്ണിയാടന്‍
'' സി. എഫ്. തോമസ്
'' റ്റി. യു. കുരുവിള
'' മോന്‍സ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ ഊര്‍ജ്ജ പ്രതിസന്ധി പരിഹരിക്കുവാന്‍ സ്വീകരിച്ചു വരുന്ന നടപടികള്‍ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) കൂടുതല്‍ വൈദ്യുതി ഉത്പാദനത്തിന് മിനി ഹൈഡല്‍ പവ്വര്‍ പ്രോജക്ടുകള്‍ കുടുതലായി തുടങ്ങുന്നതിന് നടപടികള്‍ ഉണ്ടാകുമോ;

(സി) കൂടംകുളം ഉള്‍പ്പടെ കേന്ദ്രപൂളില്‍ നിന്ന് പരമാവധി വൈദ്യൂതി ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത് എന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

സംസ്ഥാനത്തെ ഊർജ്ജ പ്രതിസന്ധി

339 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഊർജ്ജ പ്രതിസന്ധി നേരിടുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ ദിവസവും ശരാശരി എത്ര യൂണിറ്റ് വൈദ്യുതിയാണ് സംസ്ഥാനത്തിന്റെ ഉപഭോഗമെന്നും അതിൽ സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്ന പാരമ്പര്യ-പാരമ്പര്യേതര ഊർജ്ജത്തിന്റെ കണക്കുകളും വിശദമാക്കുമോ;

(സി) കേന്ദ്രപൂളിൽനിന്നും അയൽ സംസ്ഥാനങ്ങളിൽനിന്നും വാങ്ങുന്ന വൈദ്യുതിയുടെ കണക്കുകൾ വ്യക്തമാക്കുമോ;

(ഡി) വൈദ്യുതോല്പാദനം വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>വൈദ്യുതിമേഖലയിലെ അപകടങ്ങൾ</u>

340 ശ്രീ. പി. തിലോത്തമൻ
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. ഇ. കെ. വിജയൻ
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിമേഖല അപകടരഹിതമാക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം പദ്ധതികളാണെന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ വൈദ്യുത അപകടങ്ങളിലൂടെ എത്ര പേർക്ക് ജീവഹാനിയുണ്ടായി; എത്ര പേർക്ക് പരിക്കേറ്റു; ഇതിൽ ബോർഡ് ജീവനക്കാരും കരാർ തൊഴിലാളികളും പൊതുജനങ്ങളും എത്ര വീതമെന്ന് അറിയിക്കുമോ;

(സി) വൈദ്യുതിമേഖലയിൽ പണിയെടുക്കുന്നവർക്ക് എന്തെല്ലാം സുരക്ഷാ സംവിധാനങ്ങളുണ്ട്; എന്തെല്ലാം സുരക്ഷാ ഉപകരണങ്ങളാണ് ഇവർക്ക് അനുവദിച്ചിട്ടുള്ളത്; സുരക്ഷാ ഉപകരണങ്ങളുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആവശ്യത്തിന് സുരക്ഷാ ഉപകരണങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>സമ്പൂര്‍ണ്ണ വൈദ്യുതീകരണം</u>

341 ശ്രീ. സി. പി. മുഹമ്മദ്
,, ബെന്നി ബെഹനാന്‍
,, കെ. ശിവദാസന്‍ നായര്‍
,, റ്റി. എന്‍. പ്രതാപന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരളത്തെ സമ്പൂര്‍ണ്ണ വൈദ്യുതീകരണ സംസ്ഥാനമായി മാറ്റുന്നതിന് പദ്ധതിയിട്ടിട്ടുണ്ടോ;

(ബി) ഇതനുസരിച്ച് എത്ര ശതമാനം വൈദ്യുതീകരണ പ്രവര്‍ത്തനങ്ങള്‍ ഇതിനോടകം പൂര്‍ത്തിയായിട്ടുണ്ട്;

(സി) ഈ പദ്ധതിക്ക് കേന്ദ്ര സര്‍ക്കാരിന്റെ രാജീവ് ഗാന്ധി ഗ്രാമ വൈദ്യുതീകരണ പദ്ധതിയില്‍നിന്ന് ധനസഹായം ലഭിക്കുന്നുണ്ടോ;

(ഡി) ഓരോ ജില്ലയ്ക്കും സമ്പൂര്‍ണ്ണ വൈദ്യുതീകരണ പദ്ധതിക്കായി എന്ത് തുക ആവശ്യമായി വരുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

## സമ്പൂർണ്ണ വൈദ്യുതവത്കരണം

342 ശ്രീ.ഡൊമിനിക് പ്രസന്റേഷൻ
,, ആർ. സെൽവരാജ്
,, ലൂഡി ലൂയിസ്
,, എ. പി. അബ്ദുളളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സമ്പൂർണ്ണ വൈദ്യുതവത്കരിക്കുവാൻ മിഷൻ 676 ൽ ഏതെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുളളത് വിശദമാക്കുമോ;

(ബി) എത്ര പുതിയ സർവ്വീസ് വൈദ്യുതി കണക്ഷനുകളാണ് ഇതനുസരിച്ച് നൽകാൻ ലക്ഷ്യമിട്ടിട്ടുളളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം കേന്ദ്ര പദ്ധതികളനുസരിച്ചാണ് ഈ ലക്ഷ്യം കൈവരിക്കാനുദ്ദേശിക്കുന്നത് വിശദമാക്കുമോ;

(ഡി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് സ്വീകരിച്ചിട്ടുളളത്; വിശദാംശങ്ങൾ എന്തെല്ലാമാണ്?

## കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>വൈദ്യുതി - സ്വയംപര്യാപ്തത</u>

343 ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. എ. എം. ആരിഫ്
,, ജെയിംസ് മാത്യു
,, കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ വാര്‍ഷിക വൈദ്യുതി ആവശ്യകത എത്രയാണ്; ഇത് ലഭ്യമാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുളളത്; വൈദ്യുതിയുടെ സ്വയംപര്യാപ്തത ലക്ഷ്യമിടുന്നുണ്ടോ;

(ബി) കേരളത്തിലേക്ക് മറ്റു സംസ്ഥാനങ്ങളില്‍ നിന്ന് വൈദ്യുതി കൊണ്ടുവരുന്നതിന് പ്രസരണ കോറിഡോറിന്റെ അപര്യാപ്തത നിലനില്ക്കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) ഇത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുളളത് എന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>ഊർജ്ജ പ്രതിസന്ധി</u>

344 ശ്രീ. പി. കെ. ബഷീർ
'' റ്റി. എ. അഹമ്മദ് കബീർ
'' എൻ. ഷംസുദ്ദീൻ
'' കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഊർജ്ജ പ്രതിസന്ധി വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഊർജ്ജ പ്രതിസന്ധി നേരിടുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) വർദ്ധിച്ചുവരുന്ന ഊർജ്ജാവശ്യം പരിഗണിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ദീർഘകാല പദ്ധതികളെക്കുറിച്ച് വിശദമാക്കുമോ?

**കേരള നിയമസഭ**
**10.06.2014-ലെ മറുപടിക്ക്**

<u>വിദ്യുച്ഛക്തി ബോർഡിന്റെ ശുപാർശകൾ</u>

345 ശ്രീ. വി. എസ്. സുനിൽ കുമാർ
ശ്രീമതി ഗീതാ ഗോപി
ശ്രീ. ജി. എസ്. ജയലാൽ
,, വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മിഷൻ മുമ്പാകെ പുതിയ ശുപാർശകൾ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രധാന ശുപാർശകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഗാർഹിക ഉപഭോക്താക്കൾക്കും വ്യാവസായിക ആവശ്യങ്ങൾക്കുമുള്ള വൈദ്യുതിക്ക് എത്ര ശതമാനം വർദ്ധനവ് ആവശ്യപ്പെട്ടുകൊണ്ടുള്ള ശുപാർശയാണ് സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സ്ലാബുകളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തുവാനുള്ള ശുപാർശയാണുള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

എൽ. ഇ. ഡി. ബൾബുകളുടെ പ്രചാരണം

346 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഊർജ്ജ വകുപ്പ് വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിന് എൽ. ഇ. ഡി. ബൾബുകൾ പ്രചരിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ താരതമ്യേന വൈദ്യുതി ഉപയോഗം കുറയ്ക്കുന്ന എൽ. ഇ. ഡി. ബൾബുകളുടെ പ്രചാരണത്തിനായി പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുമോ ?

# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

<u>സംസ്ഥാനത്തിന് പുറത്തു നിന്നുള്ള വൈദ്യുതി</u>

347 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജൂൺ മുതൽ പുറത്തു നിന്ന് വൈദ്യുതി എത്തിക്കുന്നതിനുള്ള ലൈനുകൾ കേരളത്തിന് ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ലൈനുകളാണ് ലഭ്യമായത്; ഈ ലൈനിലൂടെ എത്ര യൂണിറ്റ് വൈദ്യുതി കൊണ്ടു വരാൻ കഴിയും;

(ബി) ലൈനുകൾ കേരളത്തിന് ലഭ്യമായിട്ടില്ലെന്നും മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്ക് അത് ലഭ്യമായിട്ടുണ്ടെന്നുമുള്ള വാർത്തകൾ ശരിയാണോ; എങ്കിൽ എന്തുകൊണ്ടാണ് ലൈനുകൾ ലഭ്യമാകാതിരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) എത്ര യൂണിറ്റ് വൈദ്യുതി പുറത്തു നിന്ന് കൊണ്ടുവരാനാണ് കെ.എസ്.ഇ.ബി കരാർ വച്ചിട്ടുള്ളത്; ലൈൻ ലഭ്യമല്ലെങ്കിൽ വൈദ്യുതി കൊണ്ടുവരുന്നതിന് എന്തു നടപടിയാണ് സ്വീകരിക്കാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) വൈദ്യുതി പുറത്തു നിന്ന് കൊണ്ടുവരാനുള്ള ലൈൻ ലഭ്യമാകാൻ ദീർഘകാല കരാറിൽ കെ.എസ്.ഇ.ബി ഏർപ്പെടാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഇ) വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് കേരളത്തിലേക്കുള്ള പ്രസരണ ശേഷി വർദ്ധിപ്പിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

<u>കേന്ദ്രത്തിൽ നിന്നുള്ള വൈദ്യുതി വിഹിതം</u>

348 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് അർഹതപ്പെട്ട കേന്ദ്ര വൈദ്യുതി വിഹിതം 2014 ജനുവരി ഒന്നു മുതൽ നാളിതുവരെ ലഭിച്ചിട്ടുണ്ടോ;

(ബി) ലഭിക്കേണ്ടതും ലഭിച്ചുകൊണ്ടിരിക്കുന്നതുമായ വൈദ്യുതി വിഹിതം എത്രയാണ്;

(സി) കുറവുവന്നിട്ടുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സംസ്ഥാനം സ്വീകരിച്ചിട്ടുള്ളത്;

(ഡി) കേരളത്തിലെ ജലവൈദ്യുതപദ്ധതികളിൽ നിന്ന് പ്രതിദിനം ലഭിക്കുന്ന വൈദ്യുതി എത്രയാണ്;

(ഇ) ഇത് കേരളത്തിന്റെ പ്രതിദിന ആവശ്യത്തിന്റെ എത്ര ശതമാനം വരും?

**കേരള നിയമസഭ**
**10.06.2014-ലെ മറുപടിക്ക്**

വര്‍ദ്ധിച്ച തുക രേഖപ്പെടുത്തിയ വൈദ്യുതി ബില്‍

349 ശ്രീ. വി. ശിവന്‍കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വീടുകളില്‍ വര്‍ദ്ധിച്ച തുക രേഖപ്പെടുത്തിയ വൈദ്യുതിബില്‍ കെ.എസ്.ഇ.ബി. വിതരണം ചെയ്യുന്നതിനെ സംബന്ധിച്ച് നാളിതുവരെ എത്ര പരാതികള്‍ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പരാതികളിന്മേല്‍ അധികൃതര്‍ കൈക്കൊണ്ട നടപടികള്‍ എന്തൊക്കെയാണെന്നു വിശദമാക്കുമൊ;

(സി) തെറ്റായ വൈദ്യുതി ബില്ലുകള്‍ തയ്യാറാക്കി വിതരണം ചെയ്ത ഉദ്യോഗസ്ഥര്‍ തന്നെ ഇതു സംബന്ധിച്ചുള്ള പരാതി പരിശോധിക്കുന്നതിനുപകരം ഒരു സ്വതന്ത്ര ഏജന്‍സിയെ കൊണ്ട് ഇക്കാര്യം അന്വേഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

ഊര്‍ജ്ജ പ്രതിസന്ധി പരിഹരിക്കാന്‍ ബദല്‍ മാര്‍ഗ്ഗങ്ങള്‍

350 ശ്രീ. പി.സി. ജോര്‍ജ്ജ്
,, റോഷി അഗസ്റ്റിന്‍
ഡോ.എന്‍. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വൈദ്യുതി നിരക്കില്‍ വര്‍ദ്ധനവ് വരുത്തണമെന്ന് ആവശ്യപ്പെട്ട് കെ.എസ്.ഇ.ബി വൈദ്യുതി റെഗുലേറ്ററി കമ്മീഷന് അപേക്ഷ നല്‍കിയിട്ടുണ്ടോ; എങ്കില്‍ എപ്രകാരമുള്ള വര്‍ദ്ധനവാണ് ബോര്‍ഡ് ലക്ഷ്യമിടുന്നത്; വ്യക്തമാക്കുമോ;

(ബി) ബോര്‍ഡ് നിരക്കുവര്‍ദ്ധന ആവശ്യപ്പെടാന്‍ കാരണം എന്താണ്; വ്യക്തമാക്കുമോ;

(സി) നിരക്കുവര്‍ദ്ധന ഒഴിവാക്കി, സംസ്ഥാനത്തു നിലനില്‍ക്കുന്ന വൈദ്യുതി ലഭ്യതയുടെ കുറവു പരിഹരിക്കുന്നതിന് സൗരവൈദ്യുതി അടക്കമുള്ള ബദല്‍ മാര്‍ഗ്ഗങ്ങള്‍ ഉപയുക്തമാക്കാന്‍ അടിയന്തിരമായി പദ്ധതി ആവിഷ്കരിക്കുമോ ?

# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

<u>വൈദ്യുതിനിരക്കു വർദ്ധനവ്</u>

351 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
ശ്രീമതി കെ.കെ.ലതിക
ശ്രീ. ജി.സുധാകരൻ
,, എസ്.രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ എത്ര തവണ വൈദ്യുതി നിരക്കുകൾ വർദ്ധിപ്പിച്ചു എന്ന് അറിയിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വിവിധ വിഭാഗങ്ങൾക്ക് എന്ത് നിരക്കിലാണ് വൈദ്യുതി നൽകിയിരുന്നത്; ഇപ്പോൾ എന്തു നിരക്കാണ് നിലനില്ക്കുന്നത്; ഓരോ വിഭാഗത്തിലും എത്ര ശതമാനം വർദ്ധനയുണ്ടായി;

(സി) വൈദ്യുതി നിരക്ക് വർദ്ധനവിന്റെ ഭാഗമായി കെ.എസ്.ഇ.ബി.ക്ക് കഴിഞ്ഞ മൂന്നു കൊല്ലം ലഭിച്ച അധിക വരുമാനം എത്രയാണ് എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

## വൈദ്യുതിനിരക്ക് വര്‍ദ്ധന

352 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കഴിഞ്ഞ സര്‍ക്കാര്‍ അധികാരമൊഴിയുമ്പോഴുള്ള വൈദ്യൂതി നിരക്ക് എത്രയായിരുന്നു; നിലവിലെ വൈദ്യുത നിരക്ക് എത്ര; വ്യക്തമാക്കുമോ;

(ബി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നശേഷം എത്ര പ്രാവശ്യമായി എത്ര തുക വീതം വൈദ്യുതി നിരക്ക് വര്‍ദ്ധന നടപ്പിലാക്കി; വിശദാമാക്കുമോ;

(സി) ഈ സര്‍ക്കാര്‍ നാളിതുവരെയായി ഗാര്‍ഹിക ഉപഭോക്താക്കളുടെയും വന്‍കിട ഉപഭോക്താക്കളുടെയും വൈദ്യൂതനിരക്കില്‍ എത്ര ശതമാനം വീതം വര്‍ദ്ധനവ് വരുത്തിയെന്ന് വ്യക്തമാക്കുമോ;

(ഡി) നിലവിലെ വൈദ്യുതി നിരക്ക് വര്‍ദ്ധിപ്പിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ; എങ്കില്‍ കാരണമെന്ത്;

(ഇ) വൈദ്യുതി ബോര്‍ഡിന്റെ നഷ്ടം പരിഹരിക്കാന്‍ വൈദ്യുതി ചാര്‍ജ്ജ് കൂട്ടി ഗാര്‍ഹിക ഉപഭോക്താക്കളെ ബുദ്ധിമുട്ടിക്കുന്നതില്‍ നിന്ന് പിന്‍മാറാന്‍ എന്തുനടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

<u>വൈദ്യുതി നിരക്ക് വര്‍ദ്ധന</u>

353 ശ്രീ. പി. ശ്രീരാമകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി നിരക്ക് വര്‍ദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) വൈദ്യുതി നിരക്ക് വര്‍ദ്ധിപ്പിക്കാതെ വൈദ്യുതി മേഖലയിലെ പ്രശ്നങ്ങള്‍ പരിഹരിക്കുന്നതിന് മറ്റുമാര്‍ഗ്ഗങ്ങള്‍ ആലോചിക്കുന്നുണ്ടോ; എങ്കില്‍ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) വൈദ്യുതി ബോര്‍ഡിന്റെ കണക്കുകള്‍ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിന് വിധേയമാക്കാറുണ്ടോ;

(ഡി) ഇല്ലെങ്കില്‍ അതിന് നടപടി സ്വീകരിക്കുമോ;

(ഇ) വൈദ്യുതി ബോര്‍ഡിന്റെ 2013-14 സാമ്പത്തിക വര്‍ഷത്തെ വരവ്, ചെലവ്, മിച്ചം/കമ്മി എത്രയാണെന്ന് വിശദമാക്കുമോ ?

## കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

വൈദ്യുതി നിരക്ക് വര്‍ദ്ധന

354 ശ്രീ. എ. കെ. ബാലന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ എത്ര പ്രാവശ്യം വൈദ്യുതി ചാര്‍ജ്ജ് വര്‍ദ്ധിപ്പിച്ചിട്ടുണ്ട്; ഓരോ പ്രാവശ്യവും ഇതിലൂടെ കെ.എസ്.ഇ.ബി.ക്ക് എന്തുതുക ലഭിച്ചു;

(ബി) ഈ സര്‍ക്കാര്‍ അധികാരത്തില്‍വന്നതിനുശേഷം വൈദ്യുതി ചാര്‍ജ്ജിന് പുറമേ മറ്റ് എന്തെല്ലാം ചാര്‍ജ്ജുകള്‍ കെ.എസ്.ഇ.ബി. വര്‍ദ്ധിപ്പിച്ചിട്ടുണ്ട്; ഓരോന്നിന്റെയും വിശദാംശങ്ങള്‍ ലഭ്യമാക്കുമോ; ഇതിലൂടെ എന്ത് തുകയാണ് കെ.എസ്.ഇ. ബി.ക്ക് ലഭിച്ചത്;

(സി) വൈദ്യുതി ചാര്‍ജ്ജ് വര്‍ദ്ധനവിനുള്ള നിര്‍ദ്ദേശം കെ.എസ്.ഇ.ബി. സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മിഷന് നല്‍കിയിട്ടുണ്ടോ; എങ്കില്‍ എത്ര രൂപയുടെ വര്‍ദ്ധനവാണ് ലക്ഷ്യമിടുന്നത്;

(ഡി) വരുമാനവും ചെലവും തമ്മില്‍ എത്ര രൂപയുടെ അന്തരമാണ് ഇപ്പോള്‍ കെ.എസ്.ഇ.ബി.ക്കുള്ളത്;

(ഇ) വൈദ്യുതി ചാര്‍ജ്ജ് കുടിശ്ശികയിനത്തില്‍ എത്ര രൂപയാണ് കെ.എസ്.ഇ.ബി.ക്ക് പിരിഞ്ഞുകിട്ടാനുള്ളത്;

(എഫ്) വൈദ്യുതി ചാര്‍ജ്ജ് കുടിശ്ശിക പിരിച്ചെടുക്കുന്നതിനെതിരെ കോടതിയുടെ സ്റ്റേ നിലവിലുണ്ടോ; എങ്കില്‍ ഇത്തരം സ്റ്റേയിലുടെ എത്ര രൂപയാണ് കിട്ടാനുള്ളതെന്ന് വ്യക്തമാക്കുമോ;

(ജി) ചാര്‍ജ്ജ് വര്‍ദ്ധനവ് ഒഴിവാക്കാന്‍ ഈ സര്‍ക്കാര്‍ കെ.എസ്.ഇ.ബി.ക്ക് എത്ര രൂപയുടെ സബ്സിഡിയാണ് പ്രഖ്യാപിച്ചത്; ഇതില്‍ എത്ര രൂപ ഇതുവരെ ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

<u>വൈദ്യുതി ചാർജ്ജ് വർദ്ധനവ്</u>

355 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് വർദ്ധനവ് പരിഗണനയിലുണ്ടോ;

(ബി) സംസ്ഥാനത്ത് പവർകട്ടും ലോഡ് ഷെഡിംഗും ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>വൈദ്യുതി ചാർജ്ജ് വർദ്ധന</u>

356 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം അറിയിക്കുമോ ?

**കേരള നിയമസഭ**
**10.06.2014-ലെ മറുപടിക്ക്**

<u>വൈദ്യുതി നിരക്ക് വർദ്ധന</u>

357 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 2011 മേയിൽ വൈദ്യുതി ചാർജിന്റെ വിവിധ താരിഫുകൾക്ക് എത്രയായിരുന്നു ;

(ബി) 2014 മെയ് മാസത്തിലെ വൈദ്യുതി നിരക്ക് എത്രയാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

<u>വൈദ്യുതി ചാര്‍ജ്ജ് വര്‍ദ്ധനവ്</u>

358 ശ്രീ. എം. ചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വൈദ്യുതി ചാര്‍ജ്ജ് വര്‍ദ്ധനവ് പരിഗണനയിലുണ്ടോ;

(ബി) എന്നുമുതല്‍ക്കാണ് ചാര്‍ജ്ജ് വര്‍ദ്ധിപ്പിക്കുവാനുദ്ദേശിക്കുന്നത് ;

(സി) ഗാര്‍ഹിക ഉപഭോക്താക്കള്‍ക്ക് യൂണിറ്റിന് നിലവിലുള്ളതില്‍ നിന്ന് എത്രയാണ് വര്‍ദ്ധിപ്പിക്കുവാന്‍ ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

വൈദ്യുതി ചാർജ്ജ് വർദ്ധന

359 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ എത്ര പ്രാവശ്യം വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട്; വിശദ വിവരങ്ങൾ നൽകുമോ;

(ബി) 2011 മാർച്ച് മാസത്തിൽ ഒരു യൂണിറ്റ് വൈദ്യുതിയുടെ ഗാർഹികവും ഗാർഹികേതരവുമായ നിരക്കിന്റെ വിവരം നൽകുമോ;

(സി) 2014 മാർച്ച് മാസത്തെ നിരക്കിന്റെ വിവരം നൽകുമോ;

(ഡി) ഈ സർക്കാർ വീണ്ടും വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; നിരക്ക് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നതിന്റെ കാരണം വിശദമാക്കുമോ ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>വൈദ്യുതി ചാർജ്ജ് വർദ്ധന</u>

360 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പ്രാവശ്യം വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ;

(ബി) വീണ്ടും വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

**കേരള നിയമസഭ**
**10.06.2014-ലെ മറുപടിക്ക്**

<u>സമ്പൂർണ്ണ വൈദ്യുതീകരണം</u>

361 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി കണക്ഷനുവേണ്ടി എത്ര അപേക്ഷകരാണ് നിലവിലുള്ളതെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) സമ്പൂർണ്ണ വൈദ്യുതീകരണം ലക്ഷ്യമിട്ടുകൊണ്ട് ഇപ്പോൾ നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണ്;

(സി) പ്രസ്തുത പദ്ധതികൾ ഓരോന്നും ആരംഭിച്ചത് ഏതു വർഷം മുതലാണെന്നു വ്യക്തമാക്കുമോ;

(ഡി) സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കുന്നതിനായി പുതിയതായി ഏതെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) നിലവിലെ അപേക്ഷകർക്കെല്ലാം വൈദ്യുതി കണക്ഷൻ ഉടൻ ലഭ്യമാക്കുന്നതിന് എന്തെങ്കിലും പുതിയ നിർദ്ദേശങ്ങളോ ഉത്തരവുകളോ നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**10.06.2014-ലെ മറുപടിക്ക്**

<u>വൈദ്യുതി കണക്ഷൻ</u>

362 ശ്രീ. മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മല്ലപ്പള്ളി താലൂക്ക് ആശുപത്രിയിൽ പുതുതായി പണിത ഓപ്പറേഷൻ തിയേറ്റർ വൈദ്യുതി കണക്ഷൻ ലഭിക്കാത്തതുമൂലം പ്രവർത്തന സജ്ജമല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് ആവശ്യമായ ട്രാൻഫോർമർ സ്ഥാപിച്ചു നൽകുന്നതിന് നിർദ്ദേശം നൽകുമോ ?

# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

## വൈപ്പിൻ നിയോജകമണ്ഡലത്തിലെ വൈദ്യുതി കണക്ഷനുകൾ

363 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈപ്പിൻ നിയോജക മണ്ഡലത്തിൽ എത്ര ഗാർഹിക വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്;

(ബി) കാർഷിക- വ്യവസായിക ആവശ്യത്തിനായി എത്ര വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഗാർഹിക കണക്ഷൻ ലഭിക്കാൻ വൈപ്പിൻ മണ്ഡലത്തിൽ എത്ര പേർ അപേക്ഷ നൽകിയിട്ടുണ്ട്; കണക്ഷൻ ലഭിക്കുവാനുള്ള കാലതാമസം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>അമ്പലപ്പുഴ മണ്ഡത്തിലെ വൈദ്യുതീകരിച്ച വീടുകൾ</u>

364 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിലെ വൈദ്യുതീകരിച്ച വീടുകളുടെ എണ്ണം എത്രയാണ്;

(ബി) വൈദ്യുതീകരിക്കാത്ത എത്ര വീടുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) അവ ഏതൊക്കെ പഞ്ചായത്തുകളിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അമ്പലപ്പുഴ മണ്ഡലത്തില എത്ര വീടുകൾക്ക് വൈദ്യുതി കണക്ഷൻ അനുവദിച്ചിട്ടുണ്ട്. ഇത് ഏതെല്ലാം വിഭാഗങ്ങൾക്കാണ് നൽകിയതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

കെ.എസ്.ഇ.ബി. കണക്ഷനുള്ള പുതിയ നിബന്ധനകൾ

365

ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി കണക്ഷൻ നൽകുന്നതിന് സർക്കാർ പുതുതായി നൽകിയിട്ടുള്ള നിബന്ധനകൾ വ്യക്തമാക്കുമോ;

(ബി) ഈ വർഷം പുതിയ കണക്ഷന് പൊതുജനങ്ങൾ അടയ്ക്കേണ്ട ഫീസ് വർദ്ധന ഏതൊക്കെ ഇനത്തിനാണെന്ന് വ്യക്തമാക്കുമോ;

(സി) കൺസ്ട്രക്ഷൻ ആവശ്യത്തിനായി എടുത്ത കണക്ഷൻ ഡൊമസ്റ്റിക് ആക്കി മാറ്റുന്നതിനുള്ള നടപടിക്രമങ്ങളിൽ ഉള്ള കാലതാമസം ഇല്ലാതാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) എത്ര ദിവസത്തിനകം കണക്ഷൻ മാറ്റി നൽകും എന്ന് വ്യക്തമാക്കുമോ;

(ഇ) തിരുവനന്തപുരം ജില്ലയിൽ ശ്രീകാര്യം സെക്ഷനു കീഴിൽ എത്ര കണക്ഷനുകൾ ഡൊമസ്റ്റിക് ആക്കി മാറ്റുന്നതിന് പെൻഡിംഗ് ഉണ്ട് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

ആർ. ജി. ജി. വി.വൈ

366 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസി കോളനികളിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടത്തുന്നതിന് സർക്കാർ തലത്തിൽ എന്തെങ്കിലും പദ്ധതികളുണ്ടോ;

(ബി) ഏറനാട് മണ്ഡലത്തിൽ ഉൾപ്പെട്ട ഏതെല്ലാം ആദിവാസി കോളനികളെ ആർ.ജി.ജി.വി.വൈയിൽ ഉൾപ്പെടുത്തി വൈദ്യുതീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇനിയും വൈദ്യുതി എത്തിയിട്ടില്ലാത്ത ഏറനാട് മണ്ഡലത്തിലെ ആദിവാസി പ്രദേശങ്ങളിൽ പ്രസ്തുത പദ്ധതിയിൻ കീഴിൽ വൈദ്യുതീകരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

ചീക്കല്ലൂർ പടിഞ്ഞാറെ വീട് കോളനിയുടെ വൈദ്യുതീകരണം

367 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിലെ ചീക്കല്ലൂർ പടിഞ്ഞാറെ വീട് കോളനി നിവാസികൾക്ക് വൈദ്യുതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ.

(ബി) വൈദ്യുതീകരണത്തിനു ആവശ്യമായ തുക പ്രസ്തുത പഞ്ചായത്ത് കെ.എസ്.ഇ.ബി ക്ക് നൽകിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത കോളനി നിവാസികൾക്ക് വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള തടസ്സം എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

<u>പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് വൈദ്യുതി കണക്ഷൻ</u>

368 ശ്രീ. പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് നിലവിലുള്ള നിബന്ധനകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതു സംബന്ധിച്ച് പ്രത്യേക ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

ഒ.വൈ.ഇ.സിക്ക് അടയ്ക്കേണ്ട തുക

369 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) താല്ക്കാലിക ഗാർഹിക വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് നിലവിൽ ഉണ്ടായിരുന്ന വ്യവസ്ഥകളിൽ മാറ്റം വരുത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്; ഇതു സംബന്ധിച്ച് ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഏതെങ്കിലും വിഭാഗങ്ങളെ ഇതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പുതിയ ഉത്തരവുമൂലം ഉപഭോക്താവ് താല്ക്കാലിക കണക്ഷൻ എടുക്കുമ്പോഴും പിന്നീട് വീടിന്റെ പണി പൂർത്തീകരിച്ചശേഷവും ഒ.വൈ.ഇ.സി തുക പ്രത്യേകം അടയ്ക്കേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വീടു നിർമ്മിക്കുമ്പോൾ രണ്ടു തവണ ഒ.വൈ.ഇ.സി തുക അടയ്ക്കേണ്ടിവരുന്നതുമൂലമുള്ള ബുദ്ധിമുട്ട് ഒഴിവാക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

(ഇ) കെ.എസ്.ഇ.ബി കമ്പനി ആക്കുന്നതിന്റെ ഭാഗമായി ഉണ്ടാകുന്ന ഇത്തരം ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>സമ്പൂർണ്ണ വൈദ്യുതീകരണം</u>

370 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കാത്ത നിയമസഭാ മണ്ഡലങ്ങളിൽ ആയത് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ;

(ബി) നിലവിൽ ഏതെല്ലാം വിഭാഗക്കാർക്കാണ് സൗജന്യമായി വൈദ്യുത കണക്ഷൻ നൽകുന്നത്; വിശദമാക്കുമോ?

**കേരള നിയമസഭ**
**10.06.2014-ലെ മറുപടിക്ക്**

<u>വൈദ്യുതി ബോർഡിന്റെ പ്രവർത്തനം</u>

371 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡ് നിലവിൽ ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) വൈദ്യുതി ബോർഡിന്റെ വരവു ചെലവു കണക്കുകളിലെ അന്തരം വ്യക്തമാക്കുമോ;

(സി) ബോർഡ് നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെങ്കിൽ ആയതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) ബോർഡ് ലാഭത്തിലാക്കാൻ എന്തു നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2013-14 സാമ്പത്തിക വർഷം വരെ ഓരോ വർഷവും വൈദ്യുതി ബോർഡിന്റെ ഭരണച്ചെലവ് എത്ര; ഇത് നാൾക്കുനാൾ കൂടി വരുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആയത് വിശദമാക്കുമോ; ഇത് നിയന്ത്രിക്കുവാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(എഫ്) ഈ സർക്കാർ വന്ന ശേഷം റെഗുലേറ്ററി കമ്മീഷന്റെ പ്രവർത്തനത്തിനായി ഓരോ വർഷവും എന്തു തുക ചെലവാക്കി എന്ന് വ്യക്തമാക്കുമോ;

(ജി) സംസ്ഥാന വൈദ്യുതി ബോർഡിന്റെ കണക്കുകൾ ഉത്തരവാദപ്പെട്ട സ്ഥാപനത്തെക്കൊണ്ട് പരിശോധിപ്പിക്കാനും ആയതിന്റെ അടിസ്ഥാനത്തിൽ ബോർഡിനെ മെച്ചപ്പെട്ട രീതിയിലാക്കാനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**10.06.2014-ലെ മറുപടിക്ക്**

<u>കെ.എസ്.ഇ.ബി.യുടെ പ്രവര്‍ത്തനം</u>

372 ശ്രീ. എ.കെ. ബാലന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കെ.എസ്.ഇ.ബി.യുടെ 2011-12, 2012-13, 2013-14 സാമ്പത്തിക വര്‍ഷങ്ങളിലെ പ്ലാന്‍ ഫണ്ട് വിനിയോഗം എത്ര ശതമാനമായിരുന്നു; ജനറേഷന്‍, ട്രാന്‍സ്മിഷന്‍,ഡിസ്ട്രിബ്യൂഷന്‍ എന്നിവയിലെ വിനിയോഗം എത്ര ശതമാനമായിരുന്നു;

(ബി) 2011-12, 2012-13, 2013-14 സാമ്പത്തികവര്‍ഷങ്ങളില്‍ എത്ര സബ് സ്റ്റേഷനുകള്‍ പൂര്‍ത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്; ഇതില്‍ എത്ര എണ്ണമാണ് പൂര്‍ത്തീകരിച്ചത്; പൂര്‍ത്തീകരിച്ചവയുടെ പേരുകള്‍ വര്‍ഷം തിരിച്ച് വ്യക്തമാക്കുമോ;

(സി) 2011-12, 2012-13, 2013-14 സാമ്പത്തിക വര്‍ഷങ്ങളില്‍ എത്ര യൂണിറ്റ് വൈദ്യുതി അധികമായി ഉല്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്; ഇതില്‍ എത്ര യൂണിറ്റ് വൈദ്യുതിയാണ് ഉല്പാദിപ്പിക്കാന്‍ കഴിഞ്ഞത്; ഏതെല്ലാം പദ്ധതികളില്‍ നിന്നാണ് ഈ വൈദ്യുതി ഉല്പാദിപ്പിച്ചത്;

(ഡി) 2011-12, 2012-13, 2013-14 സാമ്പത്തിക വര്‍ഷങ്ങളില്‍ എത്ര പുതിയ വൈദ്യുതി കണക്ഷനുകള്‍ നല്‍കി; എത്ര സൗജന്യ വൈദ്യുതി കണക്ഷനുകള്‍ നല്കി; വിശദാംശങ്ങള്‍ ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**10.06.2014-ലെ മറുപടിക്ക്**

<u>സംസ്ഥാനത്തെ വൈദ്യുതി ഉപയോഗം</u>

373 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) ഗാർഹിക ഉപഭോക്താക്കൾക്കായിമാത്രം പ്രതിദിനം ആവശ്യമായിവരുന്ന വൈദ്യുതിയുടെ അളവ് എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് വൈദ്യുതി മോഷണം നടക്കുന്നതായുള്ള എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ആയതിൽമേൽ കൈക്കൊള്ളുന്ന ശിക്ഷാനടപടിക്രമങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

<u>തിരുവന്തപുരം നഗരസഭയിലെ തെരുവുവിളക്കുകള്‍</u>

374 ശ്രീ. വി. ശിവന്‍കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തിരുവനന്തപുരം നഗരസഭയും സംസ്ഥാന വൈദ്യൂതി ബോര്‍ഡും തമ്മില്‍ തെരുവുവിളക്കുകള്‍ സ്ഥാപിക്കുന്നതു സംബന്ധിച്ചും അവ പ്രകാശിപ്പിക്കുന്നതിനുള്ള വൈദ്യൂതി ചാര്‍ജ്ജ് ഈടാക്കുന്നതു സംബന്ധിച്ചും ഏര്‍പ്പെട്ടിട്ടുള്ള കരാറിനെ സംബന്ധിച്ചുള്ള എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ;

(ബി) തിരുവനന്തപുരം നഗരസഭയിലെ നൂറു വാര്‍ഡുകളിലുമായി എത്ര തെരുവുവിളക്കുകള്‍ ഉണ്ടെന്നും വൈദ്യൂതി ചാര്‍ജ്ജിനത്തില്‍ പ്രസ്തുത തെരുവുവിളക്കുകള്‍ക്ക് വേണ്ടി പ്രതിമാസം എന്ത് തുകയാണ് വൈദ്യൂതി ബോര്‍ഡിന് നല്‍കുന്നതെന്നതും സംബന്ധിച്ച് 2011 ജൂണ്‍ മാസം മുതലുള്ള വിശദാംശങ്ങള്‍ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിൽ വൈദ്യുതി തകരാർ ഒഴിവാക്കാൻ നടപടി</u>

375 ശ്രീ. എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വൈദ്യുതി തകരാർ സ്ഥിര സംഭവമാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ജില്ലയിൽ കാറ്റോ മഴയോ ഉണ്ടായാൽ സ്ഥിര മായി വൈദ്യുതി തകരാറുണ്ടാകുകയും, പുനഃസ്ഥാ പിക്കാൻ ദിവസങ്ങളെടുക്കുകയും ചെയ്യുന്ന സംഭവ ങ്ങൾ ഒഴിവാക്കാൻ അടിയന്തര നടപടി സ്വീകരി ക്കുമോ;

(സി) വൈദ്യുതി തകരാറുണ്ടായാൽ അപ്പോൾ തന്നെ അറി യാനും, അപ്പപ്പോൾ പരിഹരിക്കാനും സഹായകമായ സാങ്കേതിക സൗകര്യങ്ങൾ ഉണ്ടായിട്ടും കാസർഗോഡ് ജില്ലയിൽ മാത്രം ഇത്തരം അനാസ്ഥ തുടരുന്നതിനെ ക്കുറിച്ച് അന്വേഷിക്കുമോ?

# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

<u>ഹൈടെൻഷൻ ഉപഭോക്താക്കളിൽ നിന്നുള്ള വൈദ്യുതി കുടിശിക</u>

376 ഡോ. എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ് കുമാർ
'' റോഷി അഗസ്റ്റിൻ
'' പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡിന് ഹൈടെൻഷൻ ഉപഭോക്താക്കളിൽ നിന്ന് കുടിശ്ശിക ഇനത്തിൽ എന്തു തുക പിരിഞ്ഞു കിട്ടാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴുള്ള കുടിശ്ശിക എന്തു തുകയായിരുന്നു; വ്യക്തമാക്കുമോ;

(സി) നിലവിലുള്ള കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ഡി) കുടിശ്ശിക ഇനത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്ത് തുക പിരിച്ചെടുത്തു; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

വൈദ്യുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടി

377 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ബോർഡിന് കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഇനത്തിൽ കുടിശ്ശിക നൽകാനുള്ള സ്ഥാപനങ്ങളുടേയും വകുപ്പുകളുടേയും പേരു വിവരങ്ങൾ വിശദമാക്കുമോ;

(സി) പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി ഈ സർക്കാരിന്റെ കാലത്ത് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ ?

# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

ചാര്‍ജ്ജ് കുടിശ്ശിക പിരിച്ചെടുക്കുവാന്‍
സ്വീകരിച്ച നടപടി

378

ശ്രീ. എന്‍. ഷംസുദ്ദീന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കുടിശ്ശിക ഇനത്തില്‍ വൈദ്യുതി ബോര്‍ഡിന് എത്ര കോടി രൂപ പിരിഞ്ഞുകിട്ടുവാനുണ്ട്;

(ബി) ഇവയുടെ വകുപ്പ് / സ്ഥാപനം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കുവാന്‍ കെ.എസ്.ഇ.ബി. സ്വീകരിച്ച നടപടികള്‍ വിശദീകരിക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>വൈദ്യുതി ബോർഡിന് ലഭ്യമാകാനുള്ള കുടിശ്ശിക തുക</u>

379 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമേഖല ഉൾപ്പെടെ സർക്കാർ ഓഫീസുകൾ, പഞ്ചായത്തുകൾ, ജലവിഭവ വകുപ്പ് എന്നിവരിൽ നിന്നും എന്തു തുക വൈദ്യുതി ബോർഡിന് കുടിശ്ശികയിനത്തിൽ ലഭിക്കാനുണ്ട് ; വ്യക്തമാക്കുമോ ;

(ബി) ഹൈടെൻഷൻ ഉൾപ്പെടെയുള്ള സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും ബോർഡിന് കുടിശ്ശികയിനത്തിൽ എന്ത് തുക പിരിഞ്ഞുകിട്ടാനുണ്ട് ; വ്യക്തമാക്കുമോ ;

(സി) മറ്റു സംസ്ഥാനങ്ങളിലെ വൈദ്യുതി ബോർഡുകളും പ്രസരണ സ്ഥാപനങ്ങളും കുടിശ്ശികയിനത്തിൽ എന്ത് തുക ബോർഡിന് നൽകാനുണ്ട് ; വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്തിനകത്ത് വൈദ്യുതി ബോർഡിന്റെ ലൈസൻസികളായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ അടച്ചു തീർക്കാനുള്ളത് എത്ര രൂപയുടെ കുടിശ്ശികയാണ് ; വ്യക്തമാക്കുമോ ;

(ഇ) വൈദ്യുതി ബോർഡും കിടിശ്ശിക വരുത്തിയ സ്ഥാപനങ്ങളും തമ്മിൽ നിലവിൽ എത്ര രൂപയുടെ തർക്കമുണ്ട് ; വിശദമാക്കുമോ ;

(എഫ്) വൈദ്യുതി ബില്ലിൽ കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളിൽ എത്രയെണ്ണം പൂട്ടിപ്പോയിട്ടുണ്ട് ; ആയതു വഴി എന്തു തുക കുടിശ്ശികയിനത്തിൽ കിട്ടാനുണ്ട് ; വ്യക്തമാക്കുമോ ;

(ജി) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ വൈദ്യുതി ബോർഡിന് കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുള്ള ആകെ തുക എത്ര രൂപയാണ് ; ആയത് ഇപ്പോൾ എത്രയാണ് ; വിശദാംശം ലഭ്യമാക്കുമോ ;

(എച്ച്) ഇപ്രകാരം കുടിശ്ശികയിനത്തിലുള്ള കോടിക്കണക്കിന് വരുന്ന തുക പിരിച്ചെടുക്കുന്നതിന് പകരം വൈദ്യുതി ബോർഡ് നിരക്കു കൂട്ടൽ നീക്കവുമായി മുന്നോട്ട് പോകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിക്കും വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>ചങ്ങനാശ്ശേരി മുനിസിപ്പൽ ടൗണിലെ ഊർജ്ജിത ഊർജ്ജ പദ്ധതി</u>

380 ശ്രീ. സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മുനിസിപ്പൽ ടൗണിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഊർജ്ജിത ഊർജ്ജ പദ്ധതിയിൽ ഏതൊക്കെ ജോലികൾ ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്;

(ബി) ഇനിയും ഏതൊക്കെ ജോലികൾ പൂർത്തീകരിക്കാനുണ്ട്;

(സി) ഈ ജോലികൾ എന്നത്തേക്ക് പൂർത്തീകരിക്കാമെന്നാണ് ഉദ്ദേശിക്കുന്നതെന്നറിയിക്കുമോ ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>വൈദ്യുതി ഉല്പാദനവും ഉപഭോഗവും</u>

381 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിവർഷം എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഇപ്പോൾ ഉൽപാദിപ്പിക്കുന്നത്;

(ബി) പ്രതിവർഷ വൈദ്യുതി ഉപഭോഗം എത്രയാണ്;

(സി) വൈദ്യുതി ഉപഭോഗത്തിന്റെ വാർഷിക വർധന എത്രയാണ്;

(ഡി) ഉൽപാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം എത്രയാണ്;

(ഇ) വൈദ്യുതിയുടെ കുറവ് പരിഹരിക്കുന്നതിന് ദീർഘകാലാടിസ്ഥാനത്തിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത്;

(എഫ്) നടപ്പുവർഷത്തെ വൈദ്യുതിയുടെ കുറവ് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളും ഹ്രസ്വകാല പദ്ധതികളും എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

<u>സംസ്ഥാനങ്ങളുടെ വൈദ്യുതി കരാർ ലംഘനം</u>

382 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളം ഏതെല്ലാം സംസ്ഥാനങ്ങളുമായാണ് വൈദ്യുതി വാങ്ങാനുള്ള കരാറിൽ ഏർപ്പെട്ടിട്ടുള്ളത്;

(ബി) കരാർപ്രകാരം പ്രസ്തുത സംസ്ഥാനങ്ങളിൽ ഓരോന്നിൽ നിന്നും എത്ര മെഗാവാട്ട് വൈദ്യുതിയാണ് ലഭ്യമാകേണ്ടത്;

(സി) കരാർപ്രകാരം നൽകാമെന്നു സമ്മതിച്ചിട്ടുള്ള വൈദ്യുതി എല്ലാ സംസ്ഥാനങ്ങളിൽ നിന്നും ലഭ്യമാകുന്നുണ്ടോ;

(ഡി) ഏതു സംസ്ഥാനമാണ് കരാർ ലംഘനം നടത്തിയിട്ടുള്ളത്;

(ഇ) കരാർ ലംഘനം നടത്തിയ സംസ്ഥാനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) നിയമനടപടികളിലൂടെ സംസ്ഥാനത്തിന് അനുകൂലമായി നേടിയ വിധി നടപ്പിലാക്കുവാൻ എന്തു നടപടികളാണു സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>ചാത്തൻകോട്ടുനട മിനി ജലവൈദ്യുതി പദ്ധതി</u>

383 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തൻകോട്ടുനട മിനി ജലവൈദ്യുതി പദ്ധതിയുടെ ഭാഗമായി കാവിലുംപാറ ഗ്രാമപഞ്ചായത്തിന്റെ കൈവശമുള്ള എത്ര മീറ്റർ റോഡിലാണ് കെ.എസ്.ഇ.ബി. നവീകരണ പ്രവൃത്തികൾ നടത്തുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത റോഡിൽ എന്തെല്ലാം പ്രവൃത്തികൾ നടത്തുന്നതിനുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളതെന്നും ആയതിനായി എന്തു തുക വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തികളിൽ എന്തെല്ലാം പ്രവൃത്തികൾ പൂർത്തിയാക്കിയെന്നും ആയതിന് എന്തു തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിലെ ഭൂഗർഭ വൈദ്യുതി ലൈൻ</u>

384 ശ്രീ. പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂഗർഭ വൈദ്യുതി ലൈൻ കോഴിക്കോട് ജില്ലയിൽ ഏതെല്ലാം പ്രദേശങ്ങളിലാണ് സ്ഥാപിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിന്റെ പ്രവൃത്തി ഏതെല്ലാം ഇടങ്ങളിൽ ആരംഭിച്ചിട്ടുണ്ടെന്നും എവിടെയെല്ലാം പൂർത്തീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ ?

**കേരള നിയമസഭ**
**10.06.2014-ലെ മറുപടിക്ക്**

<u>കോഴിക്കോട് ജില്ലയിൽ വൈദ്യുതി മുടങ്ങുന്നതിനെതിരെ നടപടി</u>

385 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ കുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പവർ കട്ടിനും ലോഡ്ഷെഡ്ഡിംഗിനും പുറമെ കോഴിക്കോട് ജില്ലയുടെ പലഭാഗങ്ങളിലും വൈദ്യുതി ദീർഘനേരം പല സമയങ്ങളിലായി മുന്നറിയിപ്പില്ലാതെ മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) തടസ്സങ്ങൾ പരിഹരിച്ച് ഗുണഭോക്താക്കൾക്ക് വൈദ്യുതി എത്തിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>നടുവട്ടം കൽകുന്നത്ത് പ്രദേശത്തെ വോൾട്ടേജ് ക്ഷാമം</u>

386 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ നടുവട്ടം കൽകുന്നത്ത് പ്രദേശത്തെ വോൾട്ടേജ് ക്ഷാമം സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>മലബാർ മേഖലയിലെ വൈദ്യുതി തടസ്സം</u>

387 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ - മാടക്കത്തറ ലൈനിലെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് മലബാർ മേഖലയിൽ വൈദ്യുതി തടസ്സമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ലൈൻ പൊട്ടിവീഴുന്നത് അപകടം ഉണ്ടാക്കുമെന്നതിനാൽ ഇതിനെതിരെ മോണിറ്ററിംഗ് സംവിധാനം ശക്തമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>സൗജന്യ വൈദ്യുത കണക്ഷനുകൾ നിർത്തലാക്കിയ നടപടി</u>

388 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബി.പി.എൽ. കുടുംബങ്ങൾ, പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾ എന്നിവർക്ക് സൗജന്യ വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള പദ്ധതി ഇപ്പോൾ നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്നുമുതൽക്കാണ് ആയത് നിർത്തലാക്കിയത്;

(സി) ഏതു പഠനത്തിന്റെ അടിസ്ഥാനത്തിലാണ് നിർദ്ധനരായ ഇത്തരം കുടുംബങ്ങൾക്കുള്ള സൗജന്യ കണക്ഷൻ നിർത്തലാക്കിയത്;

(ഡി) ഇതുമൂലം അവർക്ക് ജീവിതകാലം മുഴുവൻ വൈദ്യുതി ലഭിക്കാത്ത അവസ്ഥയുണ്ടാകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവർക്ക് ഇതിനായി മറ്റ് സമാശ്വാസ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>നെന്മാറയിൽ പുതിയ സെക്ഷൻ ഓഫീസുകൾ</u>

389 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ എത്ര വൈദ്യുതി സെക്ഷൻ ഓഫീസുകൾ ആരംഭിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കുമോ;

(ബി) സെക്ഷൻ ഓഫീസുകൾ തുടങ്ങുന്നതിനുള്ള മാനദണ്ഡം വിശദമാക്കുമോ;

(സി) നെന്മാറ നിയോജക മണ്ഡലത്തിൽ സെക്ഷൻ ഓഫീസ് ഇല്ലാത്ത മുഴുവൻ പഞ്ചായത്തുകളിലും പുതിയ സെക്ഷൻ ഓഫീസുകൾ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>കാവാലം സബ് സ്റ്റേഷൻ നിർമ്മാണം</u>

390 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാവാലം സബ് സ്റ്റേഷൻ നിർമ്മാണത്തിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**കേരള നിയമസഭ**
**10.06.2014-ലെ മറുപടിക്ക്**

<u>കടമ്പഴിപ്പുറത്ത് 33 കെ.വി. സബ്സ്റ്റേഷൻ</u>

391 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി നിയോജക മണ്ഡലത്തിലെ കടമ്പഴിപ്പുറത്ത് 33 കെ.വി സബ്സ്റ്റേഷൻ തുടങ്ങുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത 33 കെ.വി സബ്സ്റ്റേഷൻ തുടങ്ങുന്നതിന്റെ നടപടിക്രമങ്ങൾ ഏതുവരെയായി എന്ന് വ്യക്തമാക്കുമോ;

(സി) എന്ന് ഉത്ഘാടനം നിർവ്വഹിക്കാൻ കഴിയും എന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>മാവേലിക്കര മണ്ഡലത്തിലെ വൈദ്യുതീകരണ പ്രവർത്തനങ്ങൾ</u>

392 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വള്ളികുന്നം കേന്ദ്രമാക്കി വൈദ്യുതി സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(ബി) മാവേലിക്കര താമരക്കുളം പഞ്ചായത്തിൽ വെൽഫെയർ സ്കൂൾ ഭാഗത്തേക്കുള്ള 11 കെ.വി. ലൈൻ ഷിഫ്റ്റു ചെയ്യുന്നതുമായി ബന്ധപ്പെട്ട് എം.എൽ.എ. യുടെ കത്ത് ലഭ്യമായിട്ടുണ്ടോ ; എങ്കിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>പേരാമ്പ്ര 33 കെ.വി. സബ് സ്റ്റേഷൻ</u>

393 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര 33 കെ. വി സബ്സ്റ്റേഷൻ അനുവദിച്ചത് എപ്പോഴാണ്;

(ബി) പ്രസ്തുത സബ്സ്റ്റേഷൻ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(സി) ഇതിനുള്ള ഭൂമി രജിസ്ട്രേഷൻ വകുപ്പിൽ നിന്ന് കെ.എസ്.ഇ.ബി. ഏറ്റെടുത്തത് എപ്പോഴാണ് എന്ന് അറിയിക്കുമോ;

(ഡി) സബ്സ്റ്റേഷൻ പ്രവൃത്തി നീണ്ടു പോകുന്നതിനുള്ള കാരണം എന്തെന്ന് വ്യക്തമാക്കുമോ;

(ഇ) തടസ്സങ്ങൾ നീക്കി സബ്സ്റ്റേഷൻ നിർമ്മാണം പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ സബ്സ്റ്റേഷൻ എന്ന് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

<u>മക്കരപറമ്പ് ഇലക്ട്രിക്കല്‍ സെക്ഷന്‍ വിഭജനം</u>

394 ശ്രീ. റ്റി. എ. അഹമ്മദ് കബീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നാല് ഗ്രാമപഞ്ചായത്തുകളിലായി വ്യാപിച്ചുകിടക്കുന്ന മക്കരപറമ്പ് ഇലക്ട്രിക്കല്‍ സെക്ഷന്‍ വിഭജിച്ച് പുഴക്കാട്ടിരി സെക്ഷന്‍ രൂപീകരിക്കണമെന്നാ ആവശ്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കില്‍ പുഴക്കാട്ടിരി സെക്ഷന്‍ രൂപീകരിക്കുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികള്‍ വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**10.06.2014-ലെ മറുപടിക്ക്**

<u>പോട്ടയിലും കാടുകുറ്റിയിലും പുതിയ സെക്ഷൻ ഓഫീസുകൾ</u>

395 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചാലക്കുടി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് വിഭജിച്ച് പോട്ടയിലും, കൊരട്ടി സെക്ഷൻ ഓഫീസ് വിഭജിച്ച് കാടുകുറ്റിയിലും പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>അങ്കമാലി കേന്ദ്രമാക്കി പുതിയ ഇലക്ട്രിക്കൽ ഡിവിഷൻ</u>

396 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ ഇലക്ട്രിക് ഡിവിഷന്റെ കീഴിലുള്ള ഉപഭോക്താക്കളുടെ ബാഹുല്യവും ലക്ഷത്തോളം വരുന്ന അങ്കമാലി നിവാസികളുടെ ബുദ്ധിമുട്ടുകളും കണക്കിലെടുത്ത് പെരുമ്പാവൂർ ഇലക്ട്രിക്കൽ ഡിവിഷൻ വിഭജിച്ച് അങ്കമാലി കേന്ദ്രമാക്കി പുതിയ ഡിവിഷൻ ആരംഭിക്കണമെന്നാവശ്യപ്പെട്ട് 04.02.2014 ന് സമർപ്പിച്ചിരുന്ന അപേക്ഷയിൽ (176/VIP/2014 M(P) സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്മേൽ കെ. എസ്. ഇ. ബി ചെയർമാൻ അടിയന്തിര റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കുമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഇല്ലെങ്കിൽ റിപ്പോർട്ട് സമർപ്പിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

കിനാലൂർ 110 കെ.വി. സബ്സ്റ്റേഷൻ

397 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കിനാലൂർ വ്യവസായ വളർച്ചാ കേന്ദ്രത്തിൽ, 110 കെ. വി. സബ്ബ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് ഇതുവരെ നടത്തിയ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത വിവരണം നൽകുമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തിക്കു തടസ്സമായി നിൽകുന്ന ഘടകങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ;

(സി) ഇതിലേക്ക് കെ.എസ്.ഐ.ഡി.സി, കെ.എസ്.ഇ.ബി അധികാരികളുടെ സംയുക്ത യോഗം വിളിക്കുന്നത് പരിഗണിക്കുമോ?

## കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

പിലാത്തറയിൽ വൈദ്യുതി സെക്ഷൻ ഓഫീസ്

398 ശ്രീ.റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ പിലാത്തറ കേന്ദ്രീകരിച്ച് വൈദ്യുതി സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് സമർപ്പിച്ച നിവേദനത്തിൻമേൽ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുളളത്;

(ബി) പ്രസ്തുത വൈദ്യുത സെക്ഷൻ ഓഫീസ് യഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് വൈദ്യുതി ഭവൻ</u>

399 ശ്രീ. എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് വൈദ്യുതി ഓഫീസുകൾ പ്രവർത്തിപ്പിക്കുന്നതിനായി വൈദ്യുതി ഭവൻ നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിന്റെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(സി) ഇതിനായുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എവിടെയാണ്; ആയതിന്റെ നിർമ്മാണ പ്രവർത്തനം എന്ന് ആരംഭിക്കാനാകുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>മങ്കട 66 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം</u>

400 ശ്രീ. റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മങ്കട 66 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണത്തിന്റെ പുരോഗതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സബ്സ്റ്റേഷൻ എന്ന് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>കിളിമാനൂർ മിനി സിവിൽ സ്റ്റേഷനിൽ വൈദ്യുത കണക്ഷൻ ലഭ്യമാക്കുവാൻ നടപടി</u>

401 ശ്രീ. ബി. സത്യൻ

(ബി)താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ മിനി സിവിൽ സ്റ്റേഷനിൽ വൈദ്യുത കണക്ഷൻ ലഭ്യമാക്കുവാൻ ചിറയിൻകീഴ് തഹസിൽദാർ വൈദ്യുത ബോർഡിന് ഡി.ഡി. കൈമാറിയിട്ടുണ്ടോ; എന്തു തുകയുടെ ഡി.ഡി. യാണ് കൈമാറിയിട്ടുളളത്; വ്യക്തമാക്കുമോ;

(ബി) മിനിസിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ഏതെല്ലാം ഓഫീസുകൾക്കാണ് ഇത് പ്രകാരം വൈദ്യുത കണക്ഷൻ ലഭിക്കുന്നത്;

(സി) ഡി.ഡി. കൈപ്പറ്റിയ ശേഷം മിനി സിവിൽ സ്റ്റേഷനിൽ വൈദ്യുത കണക്ഷൻ നൽകിയിട്ടുണ്ടോ; ഇതിന് വേണ്ട നടപടി ക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>വൈദ്യുതി പ്രസരണ സംവിധാനം മെച്ചപ്പെടുത്തുന്നതിന് മാസ്റ്റർ പ്ലാൻ</u>

402 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി പ്രസരണ സംവിധാനം മെച്ചപ്പെടുത്തുന്നതിന് നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയാണ്;

(ബി) സംസ്ഥാനത്തിന് ആവശ്യത്തിനുളള അധിക വൈദ്യുതി എത്തിക്കുന്നതിന് 2008 ൽ മാസ്റ്റർ പ്ലാനിന് തുടക്കമിട്ടിരുന്നോ;

(സി) മാസ്റ്റർ പ്ലാൻ പ്രകാരമുളള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>വൈദ്യുത നിലയങ്ങളുടെ ഉത്പാദന ശേഷി വർദ്ധിപ്പിക്കാൻ നടപടി</u>

403 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) താപവൈദ്യുത നിലയങ്ങളിൽ നിന്നും ഡീസൽ നിലയങ്ങളിൽ നിന്നുമായി സംസ്ഥാനത്ത് എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉൽപാദിപ്പിക്കുന്നത്;

(ബി) പ്രസ്തുത നിലയങ്ങളുടെ സ്ഥാപിതശേഷി എത്രയാണ്;

(സി) ഉൽപാദനം സ്ഥാപിതശേഷിയേക്കാൾ വളരെക്കുറഞ്ഞ നിലയങ്ങളുടെ ഉൽപാദന ശേഷി വർദ്ധിപ്പിക്കുവാൽ എന്തു നടപടികളാണ് കൈക്കൊണ്ടിട്ടുളളത്;

# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

<u>ജലവൈദ്യുതപദ്ധതികളുടെ ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുവാൻ നടപടി</u>

404 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓരോ ജലവൈദ്യുതപദ്ധതിയുടെയും ഉൽപാദന ശേഷി എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതിയിൽ നിന്നുമുള്ള ഇപ്പോഴത്തെ ഉൽപാദനം എത്രയെന്ന് വ്യക്തമാക്കുമോ;

(സി) ഉൽപാദന ശേഷി പൂർണ്ണമായും കൈവരിക്കാത്ത പദ്ധതികളുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) ഉൽപാദനശേഷി വർദ്ധിപ്പിക്കുവാൻ കൈക്കൊള്ളുന്ന നടപടികളിലൂടെ എത്ര ശതമാനം ഉൽപാദന വർദ്ധനവാണ് പ്രതീക്ഷിക്കുന്നത്;

(ഇ) നടപ്പുവർഷം ആകെ ഉൽപാദന വർദ്ധനവ് എത്ര ശതമാനം വർദ്ധിക്കുമെന്നാണ് വിലയിരുത്തുന്നത്?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

നാദാപുരം മണ്ഡലത്തിലെ ജലവൈദ്യുത പദ്ധതികൾ

405 ശ്രീ. ഇ.കെ.വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ നിർമ്മാണത്തിലിരിക്കുന്ന ചാത്തൻക്കോട്ടുനട,വിലങ്ങാട് എന്നീ ചെറുകിട ജല വൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവൃത്തികൾക്ക് ഏതെല്ലാം കമ്പനികളുമായാണ് കരാറിൽ ഏർപ്പെട്ടിരിക്കുന്നത്;

(ബി) കരാറിലെ വ്യവസ്ഥകൾ അനുസരിച്ച് പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കുന്നതിന് എത്ര സമയം അനുവദിച്ചിട്ടുണ്ട്;

(സി) ഈ കാലയളവിൽ കമ്പനികളുടെ കരാർ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടോ; എങ്കിൽ ഏതു മാനദണ്ഡപ്രകാരമാണെന്ന് വ്യക്തമാക്കുമോ?

(ഡി) ഈ പദ്ധതികളുടെ പണി അടിയന്തരമായി പൂർത്തീകരിച്ച് ഈ മേഖലയിലെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>ചിമ്മിനി ഡാം</u>

406 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ ചിമ്മിനി ഡാം വൈദ്യുതി ഉൽപാദന പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ;

(ബി) പദ്ധതി പണിതീർത്ത് എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാകും എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>സൗജന്യ സൗരോർജ്ജ റാന്തൽ</u>

407 ശ്രീ. പി. എ. മാധവൻ
,, വർക്കല കഹാർ
,, ആർ. സെൽവരാജ്
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനെർട്ട് സൗജന്യ സൗരോർജ്ജ റാന്തൽ വിതരണ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി പ്രകാരം പ്രസ്തുത സൗജന്യത്തിന് ആരെല്ലാമാണ് അർഹരായിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

ബയോഗ്യാസ് പ്ലാന്റുകൾക്ക് സബ്സിഡി

408

ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അനെർട്ടിന്റെ ആഭിമുഖ്യത്തിൽ സ്ഥാപിച്ച ബയോഗ്യാസ് പ്ലാന്റുകളിൽ ചിലതിന് സബ്സിഡി പൂർണ്ണമായും നൽകിയിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര പ്ലാന്റുകൾക്കാണ് സബ്സിഡി നൽകാനുള്ളത് എന്നും ആയത് എന്നത്തേക്ക് നൽകാനാവുമെന്നും വ്യക്തമാക്കുമോ;

(സി) അനെർട്ട് സ്ഥാപിച്ചതിൽ എത്ര പ്ലാന്റുകൾ പ്രവർത്തനക്ഷമമാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) പ്രവർത്തനക്ഷമമായവയ്ക്കെല്ലാം ബാക്കി സബ്സിഡി തുക അടിയന്തരമായി വിതരണം ചെയ്യാൻ നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

<u>പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ</u>

409 ശ്രീ. മാത്യു. റ്റി. തോമസ്
,, സി. കെ. നാണു
,, ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ വികസിപ്പിച്ചെടുക്കാനുള്ള സാധ്യതകളെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഈ രംഗത്തുള്ള തട്ടിപ്പുകാരെ പൂർണ്ണമായി ഒഴിവാക്കിക്കൊണ്ട് സൗരോർജ്ജം ഉൾപ്പെടെയുള്ള ഊർജ്ജ സ്രോതസ്സുകൾ വികസിപ്പിച്ചെടുക്കുന്നതിന് നേരിട്ട് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സർക്കാരും കെ.എസ്.ഇ.ബി യും തയ്യാറാകുമോ;

(സി) ആയത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

ഊർജ്ജ നയം

410 ശ്രീ. കെ. മുരളീധരൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൗരോർജ്ജ നയത്തിന് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത നയത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ;

(സി) സൗരോർജ്ജത്തിൽ നിന്ന് എത്ര മെഗാവാട്ട് വൈദ്യൂതി ഉൽപാദിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത നയം നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

വൻകിട സൗരേർജ്ജ പദ്ധതികൾ

411 ശ്രീ. എ. റ്റി. ജോർജ്
'' പി. എ. മാധവൻ
'' തേറമ്പിൽ രാമകൃഷ്ണൻ
'' പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൻകിട സൗരോർജ്ജ പദ്ധതികൾ ആരംഭിക്കുന്നതിന് കെ.എസ്.ഇ.ബി. പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഘടകങ്ങൾ എന്തൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം

(സി) പദ്ധതിക്ക് സാമ്പത്തിക സഹായം എങ്ങനെയാണ് കണ്ടെത്തുന്നത് ; വിശദമാക്കുമോ ;

(ഡി) ഇത് സംബന്ധിച്ച ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>ജലവൈദ്യുത പദ്ധതികളുടെ നവീകരണം</u>

412 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) താരതമ്യേന ചെലവുകുറഞ്ഞ ജലവൈദ്യുത പദ്ധതികളുടെ വിപുലീകരണത്തിനും കൂടുതൽ ഊർജ്ജ ഉല്പാദനത്തിനും പദ്ധതികളാവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സംസ്ഥാനവൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിലുള്ള ജലവൈദ്യുത പദ്ധതികളുടെ കാര്യക്ഷമത നിലനിർത്താൻ ലോകബാങ്കിന്റെ സഹായത്തോടെ പദ്ധതികൾ ആവിഷ്ക്കരിക്കുന്നുണ്ടോ; ഇതിനായി കേന്ദ്രഗവൺമെന്റിൽ നിന്ന് ധനസഹായം ലഭിച്ചിട്ടുണ്ടോ;

(സി) ഇവയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ മൂലം ഊർജ്ജ ഉല്പാദനത്തിൽ എത്രമാത്രം അഭിവൃദ്ധി പ്രതീക്ഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>കൂടംകുളം ആണവ വൈദ്യുതനിലയത്തിൽ നിന്നുള്ള വിഹിതം</u>

413 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, സണ്ണി ജോസഫ്
,, എം.എ. വാഹീദ്
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൂടംകുളം ആണവനിലയത്തിൽ നിന്ന് സംസ്ഥാനത്തിന് ലഭിക്കേണ്ടത് എത്ര മെഗാവാട്ട് വൈദ്യുതി ആണ്; വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച കരാർ ഒപ്പുവച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) കൂടംകുളം ആണവ വൈദ്യുത നിലയത്തിൽ നിന്ന് സംസ്ഥാനത്തിന്റെ വിഹിതം ലഭിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

## കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>പെറ്റ്കോക്കിൽ നിന്നുള്ള വൈദ്യുതി ഉല്പാദനം</u>

414 ശ്രീ. ജോസഫ് വാഴക്കൻ
,, അൻവർ സാദത്ത്
,, റ്റി. എൻ. പ്രതാപൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെറ്റ്കോക്കിൽ നിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന നിലയം സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഇത് വഴി ഉൽപ്പാദിപ്പിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) നിലയത്തിനുള്ള സ്ഥലവും ധനസമാഹരണവും എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇപ്രകാരമുള്ള വൈദ്യുതി ഉത്പാദനം യാഥാർത്ഥ്യമാക്കുന്നതിന് ഏതെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>ചീമേനി താപനിലയം</u>

415 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ ചീമേനി താപനിലയം പ്രവർത്തനം സംബന്ധിച്ച് പ്രാഥമിക നടപടികൾ എന്തൊക്കെ പൂർത്തീകരിച്ചിട്ടുണ്ടെന്നും നിലയം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>ഇലക്ട്രിക് പൊതുശ്മശാനത്തിനുള്ള മാനദണ്ഡങ്ങൾ</u>

416 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ ഇലക്ട്രിക് പൊതുശ്മശാനം പ്രവർത്തനമാരംഭിക്കുവാൻ മലിനീകരണ നിയന്ത്രണ വകുപ്പ് നിഷ്കർഷിച്ചിട്ടുളള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

<u>ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷൻ</u>

417 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലത്ത് സ്ഥാപിക്കുന്ന ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷന്റെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ബി) ജി.ഐ.എസ് -ന്റെ പ്രവർത്തനം എപ്പോൾ പൂർത്തിയാക്കുമെന്നറിയിക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ ചെലവ് എത്രയെന്നറിയിക്കുമോ ?

## കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>കേബിൾ ഓപ്പറേറ്റർമാരിൽ നിന്ന് ഈടാക്കുന്ന വൈദ്യുതി പോസ്റ്റ് വാടക</u>

418 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കേബിൾ ഓപ്പറേറ്റർമാർക്ക് കേബിൾ വലിക്കുന്നതിന് നൽകിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ നിലനിൽക്കുന്ന പോസ്റ്റ് വാടക എത്രയെന്ന് വ്യക്തമാക്കുമോ; ഇതിന് സർവ്വീസ് ചാർജ് ഈടാക്കുന്നുണ്ടോ; ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ ഇൻസ്പെക്ഷൻ ഫീസ് ഈടാക്കുന്നുണ്ടോ; ഇത് ഒരു പോസ്റ്റിന് എത്ര രൂപയെന്ന് വ്യക്തമാക്കുമോ; ഇത് അഞ്ച് വർഷത്തിലൊരിക്കലാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) വൈദ്യുത പോസ്റ്റ് വാടക പുനർനിശ്ചയിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഒരു വർഷത്തെ വാടക തവണകളായി അടയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>ഫീൽഡ് ജീവനക്കാരുടെ സുരക്ഷയ്ക്കുള്ള നടപടികൾ</u>

419 ശ്രീ. എ. കെ. ശശീന്ദ്രൻ
'' തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ ഫീൽഡ് ജീവനക്കാർക്ക് മതിയായ സുരകഷാ സൗകര്യങ്ങൾ ഒരുക്കുന്നതിലുള്ള വീഴ്ച സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ ഫലമായി കഴിഞ്ഞവർഷം വൈദ്യുതി അപകടങ്ങളിൽ മരണമടഞ്ഞവരുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ജിവനക്കാർക്ക് ഗുണമേന്മയേറിയ സുരക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിന് ഗുണ പരിശോധനാ വിഭാഗം ഇപ്പോൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇതിന് ബദലായി എന്തു സംവിധാനമാണ് നിലവിൽ ഉള്ളതെന്ന് വ്യക്തമാക്കാമോ;

(സി) എല്ലാ ഫീൽഡുതല ജിവനക്കാർക്കും ആവശ്യമായ റബ്ബർ കയ്യുറകൾ, റെയിൻകോട്ട്, ഹെൽമെറ്റ്, സേഫ്റ്റി ബെൽറ്റ് തുടങ്ങിയ വിവിധ സുരക്ഷാ ഉപകരണങ്ങളും ഓരോ ഓഫിസീലും ആവശ്യത്തിനുള്ള ഏണികൾ, എർത്ത്റാഡ്, എർത്ത്ചെയിൻ തുടങ്ങി ഫീൽഡ് ആവശ്യത്തിനുള്ള ഉപകരണങ്ങളും ലഭ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>ടെലിവിഷൻ കേബിൾ കണക്ഷനിൽ നിന്നുള്ള വൈദ്യുതി അപകടങ്ങൾ</u>

420 ശ്രീ. സി. പി. മുഹമ്മദ്
,, ഡൊമിനിക് പ്രസന്റേഷൻ
,, കെ. ശിവദാസൻ നായർ
,, എം.എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടെലിവിഷൻ കേബിൾ കണക്ഷനുകളിൽനിന്ന് ഷോക്കേറ്റുള്ള അപകടങ്ങൾ വർദ്ധിച്ചുവരുന്നതായി ഇലക്ട്രിക്കൽ ഇൻസ്‌പെക്ടറേറ്റ് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ബി) 2013 -2014 വർഷത്തിൽ എത്ര പേർക്കാണ് ഇത്തരത്തിൽ അപകടം സംഭവിച്ചിട്ടുള്ളത്;

(സി) അപകടം ഒഴിവാക്കാൻ കേബിൾ ടി. വി. കണക്ഷനുള്ള എല്ലാ ഉപഭോക്താക്കൾക്കും കണക്ട്ഡ് ലോഡ് പരിധി നിശ്ചയിക്കാതെ ഇ. എൽ. സി. ബി. നിർബന്ധമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) കേബിളിൽനിന്ന് ഷോക്കേറ്റ് അപകടങ്ങളുണ്ടാകുന്നത് തടയുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>കെ. എസ്. ഇ. ബി. യിലെ ഒഴിവുകൾ</u>

421 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ. എസ്. ഇ. ബി. മസ്ദൂർ തസ്തികയിൽ എത്ര ഒഴിവുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ലൈൻമാൻ, ഓവർസീയർ തസ്തികകളിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഒഴിവുകൾ നികത്താൻ എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ;

(ഡി) കെ. എസ്. ഇ. ബി. യിലെ താഴ്ന്ന വിഭാഗം ജീവനക്കാരുടെ ഒഴിവുകൾ യഥാസമയം പി. എസ്. സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഇ) കെ. എസ്. ഇ. ബി. യിലെ മസ്ദൂർ, ലൈൻമാൻ ഓവർസീയർ എന്നിവർ ജോലിക്കിടെ മരണപ്പെടുമ്പോൾ അവരുടെ ആശ്രിതർക്ക് നൽകുന്ന ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

ജോലിക്കിടെ വൈദ്യുതി ലൈനുകളിൽ നിന്നുള്ള അപകടം

422 ശ്രീ. ഇ.കെ.വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ലൈനുകളിൽ അറ്റകുറ്റ പണിയെടുക്കുന്ന കരാറുകാർ ഉൾപ്പെടെയുള്ള ജീവനക്കാർ അപകടത്തിൽപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എഞ്ചിനിയർമാരും ലൈനിൽ പണിയെടുക്കുന്നവരും തമ്മിലുള്ള ഏകോപനമില്ലായ്മയാണ് ഇത്തരം അപകടങ്ങൾക്ക് കാരണമാകുന്നത് എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ;

(സി) ഇത്തരം അപകടങ്ങൾ ഒഴിവാക്കുന്നതിന് എഞ്ചിനീയർമാരുടെ സാന്നിധ്യം വർക്ക് സൈറ്റിൽ ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

<u>കെ.എസ്.ഇ.ബി.യിൽ ഒഴിവുള്ള തസ്തികകളിൽ നിയമനം</u>

423 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിൽ സംസ്ഥാനത്താകെ എത്ര തൊഴിലാളികളും ഓഫീസർമാരും ജോലി ചെയ്യുന്നുവെന്ന് പ്രത്യേകമായി അറിയിക്കുമോ;

(ബി) പ്രസ്തുത രണ്ട് വിഭാഗം ജീവനക്കാരുടെയും എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത രണ്ട് വിഭാഗങ്ങളിലുമായി സംസ്ഥാനത്ത് ആകെ എത്ര തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നത്;

(ഡി) ഇപ്രകാരം ഒഴിവുള്ള തസ്തികകളിലേക്ക് പ്രൊമോഷൻ മുഖേനയും പുതിയ നിയമനം വഴിയും ജീവനക്കാരെ നിയമിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

വൈദ്യുതി അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ

424 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ ഒരു വർഷത്തിനിടെ എത്ര വൈദ്യുതി അപകടങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇതിൽ എത്ര പേർ മരണപ്പെട്ടിട്ടുണ്ട്; മരണമടഞ്ഞവരിൽ എത്ര കരാർ തൊഴിലാളികൾ ഉണ്ടായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) വൈദ്യുതി ഉപഭോക്താക്കളെ വൈദ്യുതി സുരക്ഷയെക്കുറിച്ച് ബോധവാന്മാരാക്കുന്നതിന് സംവിധാനമുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) വൈദ്യുതി അപകടങ്ങൾ ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>കൊച്ചി മെട്രോ</u>

425 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചിമെട്രോ പദ്ധതിയുടെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) ആയത് തൃപ്തികരമാണോ;

(സി) കൊച്ചിമെട്രോയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിൽ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

<u>കൊച്ചി മെട്രോ</u>

T426 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
'' ബെന്നി ബെഹനാൻ
'' ഹൈബി ഈഡൻ
'' അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ റെയിൽ പദ്ധതി യാഥാർത്ഥ്യമാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പദ്ധതിയുടെ നിർമ്മാണ പുരോഗതി വിശദമാക്കുമോ;

(സി) പദ്ധതി നിർവഹണത്തിനുള്ള സാമ്പത്തിക സഹായങ്ങൾ എങ്ങനെയാണ് കണ്ടെത്തുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ മിഷൻ 676 ൽ എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ?

**കേരള നിയമസഭ**
**10.06.2014-ലെ മറുപടിക്ക്**

<u>പാലക്കാട് കോച്ച് ഫാക്ടറിയുടെ നിർമ്മാണം</u>

427 ശ്രീ.എ.കെ. ബാലൻ
,, എം. ചന്ദ്രൻ
,, എം. ഹംസ
,, വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തറക്കല്ലിട്ട് രണ്ടു വർഷം കഴിഞ്ഞിട്ടും പാലക്കാട് കോച്ച് ഫാക്ടറിയുടെ നിർമ്മാണം ഇപ്പോഴും അനിശ്ചിതത്വത്തിലായെന്ന് വ്യക്തമാക്കുമോ; ഇതിന്റെ നിർമ്മാണപ്രവൃത്തി നടക്കുന്നുണ്ടോ; നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ;

(ബി) പാലക്കാട് കോച്ച് ഫാക്ടറി പ്രഖ്യാപിച്ചതിനുശേഷം മറ്റ് സംസ്ഥാനങ്ങളിൽ പ്രഖ്യാപിച്ച കോച്ച് ഫാക്ടറികൾ ഉദ്ഘാടനം ചെയ്യപ്പെട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കാൻ സാധിക്കാത്തത് എന്തുകൊണ്ടാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കാൻ എന്തു തുടർ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ഇ) സെയിലുമായിട്ടുള്ള കൂട്ടുസംരംഭത്തിന് റെയിൽവേ അന്തിമ തീരുമാനം എടുത്തിട്ടുണ്ടോ?

# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

<u>പഴകിയ ബോഗികൾ മാറ്റിക്കിട്ടുന്നതിന് സ്വീകരിച്ച നടപടി</u>

428 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലൂടെ ഓടുന്ന തീവണ്ടികളിൽ പഴകിദ്രവിച്ചതും എപ്പോൾ വേണമെങ്കിലും അപകടം ഉണ്ടാക്കാവുന്നതുമായ കാലഹരണപ്പെട്ട ബോഗികളാണുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പല ട്രെയിനുകളുടെയും ബോഗികൾ കഴിഞ്ഞ കുറച്ചുകാലമായി യാത്രയ്ക്കിടയിൽ തകരുന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുവാനും പഴകിയ ബോഗികൾ മാറ്റിക്കിട്ടുന്നതിനും എന്തു നടപടികൾ സ്വീകരിച്ചുവെന്നു വിശദമാക്കുമോ ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

രാജ്യറാണി എക്സ്പ്രസ്സ്

429 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ-തിരുവനന്തപുരം റൂട്ടിൽ സർവ്വീസ് നടത്തുന്ന രാജ്യറാണി എക്സ്പ്രസ്സ് സ്വതന്ത്ര ട്രെയിനാക്കി മാറ്റണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ട്രെയിൻ സ്വതന്ത്ര ട്രെയിനാക്കി മാറ്റുന്നതിന് സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ഒരു എ.സി.കോച്ചും, ഒരു സ്ലീപ്പർ കോച്ചും ഒരു ജനറൽ കോച്ചുമടക്കം 3 ബോഗികൾ അധികമായി രാജ്യ റാണി എക്പ്രസ്സിൽ അനുവദിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

ട്രെയിനുകളുടെ സ്റ്റോപ്പുകൾ നിർത്തലാക്കിയ നടപടി

430 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ വഴി ഓടുന്ന ട്രെയിനുകളിൽ ചിലതിന് അനുവദിച്ചിരുന്ന സ്റ്റോപ്പുകളിൽ പലതും നിർത്തലാക്കുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇപ്രകാരം ഒരിക്കൽ അനുവദിച്ചിരുന്ന സ്റ്റോപ്പുകൾ നിർത്തലാക്കുന്നതിനെതിരെയും പ്രസ്തുത സ്റ്റോപ്പുകൾ നിലനിർത്തുന്നതിനും വേണ്ടി സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(ബി) തിരുവനന്തപുരം-കോഴിക്കോട് ജനശതാബ്ദി എക്സ്പ്രസ്സിനും കൊച്ചുവേളി-ബാംഗ്ലൂർ എക്സ്പ്രസ്സിനും ചേർത്തലയിൽ അനുവദിച്ചിരുന്ന സ്റ്റോപ്പ് താല്കാലികമായിരുന്നുവോ എന്ന് അറിയിക്കുമോ; ഈ ട്രെയിനുകളുടെ ചേർത്തലയിലെ സ്റ്റോപ്പ് നിലനിർത്തിക്കിട്ടണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന് കത്തുനൽകുമോ?

## കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>പുതുക്കാട് റെയിൽവേ സ്റ്റേഷനിലെ ട്രെയിനുകളുടെ സ്റ്റോപ്പുകൾ നിലനിർത്തുന്നതിന് നടപടി</u>

T431 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് റെയിൽവേ സ്റ്റേഷനിൽ നിലവിൽ സ്റ്റോപ്പുകളുള്ള കന്യാകുമാരി എക്സ്പ്രസ്സ്, പരശുറാം എക്സ്പ്രസ്സ്, കണ്ണൂർ - ആലപ്പി എക്സ്പ്രസ്സ് എന്നീ ട്രെയിനുകളുടെ സ്റ്റോപ്പുകൾ റദ്ദ് ചെയ്യാൻ പോകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മലയോരപ്രദേശങ്ങളിലെയും മറ്റ് പ്രദേശങ്ങളിലെയും ജനങ്ങളുടെ യാത്ര ഇതുമൂലം ദുരിതത്തിലാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) റെയിൽവേ അധികൃതർ നിർത്തലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രസ്തുത സ്റ്റോപ്പുകൾ നിലനിർത്തുന്നതിന് അടിയന്തരമായി നടപടികൾ സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനം</u>

432 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനം സംബന്ധിച്ച് സർക്കാർ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ വർഷം സർക്കാരിന് ലഭിച്ച എത്ര പരാതികളിന്മേൽ ബോർഡ് സമയബന്ധിതമായി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്; വിശദമാക്കുമോ;

(സി) ഇത്തരം റിപ്പോർട്ടുകൾ സംബന്ധിച്ച് നിലവിൽ എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?